1) **30.03.2019 ശനിയാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 505-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. വി.സലീം, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3) ശ്രീമതി. പി.ആർ. ഉഷാകുമാരി, ജില്ലാ ടൗൺ പ്ലാനർ & സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 234/2018-19**

*20.02.2019 ൽ കൂടിയ 503-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

20.02.2019-ൽ കൂടിയ 503-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 235/2018-19**

*20.02.2019-ൽ കൂടിയ 504-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബജറ്റ്) യോഗ തീരുമാനങ്ങൾ.*

20.02.2019-ൽ കൂടിയ 504-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബജറ്റ്) യോഗ നടപടികൾ വായിച്ച് അംഗീകരിച്ചു.

**3. തീരുമാനം നമ്പർ 236/2018-19**

*23.01.2019-ൽ കൂടിയ 502-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

23.01.2019-ൽ കൂടിയ 502-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**4. തീരുമാനം നമ്പർ 237/2018-19**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - AY 2013-14, AY 2015-16, AY 2016-17 ആദായ നികുതി ഡിമാന്റിനെതിരെ കമ്മീഷണർ ഓഫ് ഇൻകം ടാക്സ് (അപ്പീൽ)-ന് അപ്പീൽ തയ്യാറാക്കിയത് - പ്രൊഫഷണൽ ചാർജ്ജ് നൽകുന്നത് - സംബന്ധിച്ച്. (3355/എഫ്.ബി.1/2012/ജിസിഡിഎ)*

AY 2013-14, AY 2015-16, AY 2016-17 എന്നീ വർഷങ്ങളിലെ ആദായ നികുതി ഡിമാന്റിനെതിരെ അപ്പീൽ തയ്യാറാക്കിയതിന്റെ പ്രൊഫഷണൽ ചാർജ്ജിനത്തിൽ 75,000/-

രൂപ (എഴുപത്തിഅയ്യായിരം രൂപ മാത്രം) അഡ്വ. അനിൽ ഡി.നായർക്ക് അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 238/2018-19**

*ജി.സി.ഡി.എ. - ലീഗൽ വിഭാഗം - ശ്രീ. എ.എക്സ്. ഗിൽബർട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 17909/2016 നമ്പർ കേസിൽ ഹാജരായ വക്കീലിന് ഫീസ് അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(3325/എൽ.ഒ./2016/ജിസിഡിഎ)*

കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 9/16-ന്റെ നിയമ സാധുത ചോദ്യം ചെയ്ത് ശ്രീ. എ.എക്സ്. ഗിൽബർട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ അതോറിറ്റിയുടെ ഉത്തമ താൽപ്പര്യം സംരക്ഷിക്കേ  സാഹചര്യം പരിഗണിച്ച് 30.11.2018-ലെ 158/2018-19 നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം അതോറിറ്റി സ്റ്റാന്റിംഗ് കൗൺസൽ പാനലിന് പുറമെ നിന്നുള്ള ശ്രീ. ബെച്ചു കുര്യൻ തോമസ് എന്ന മുതിർന്ന അഭിഭാഷകനെ ചുമതലപ്പെടുത്തുകയും ടി കേസ് ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞ് തീർപ്പാക്കിയിട്ടുള്ളതുമാണ്.

അതോറിറ്റി താൽപ്പര്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി അതോറിറ്റി പാനലിന് പുറമെനിന്ന് മുതിർന്ന അഭിഭാഷകനെ ചുമതലപ്പെടുത്തിയ വകയിൽ വക്കീൽ സമർപ്പിച്ച ബിൽ തുകയായ 75,000/- രൂപ (എഴുപത്തിഅയ്യായിരം രൂപ മാത്രം) അനുവദിക്കുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 239/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - രാജേന്ദ്ര മൈതാനം - സർക്കാരിന്റെ ആയിരം ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് കുടുംബശ്രീക്ക് ഫുഡ്സ്റ്റാൾ നടത്തുന്നതിന് സൗജന്യമായി അനുമതി നൽകുന്നത് - സംബന്ധിച്ച്.*
*(884/എസ്റ്റേറ്റ്/എ.3/2019/ജിസിഡിഎ)*

ബഹു. സർക്കാരിന്റെ ആയിരം ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് ബഹു. ജില്ലാ കളക്ടർ എറണാകുളത്തിന്റെ ആവശ്യപ്രകാരം രാജേന്ദ്ര മൈതാനത്ത് കുടുംബശ്രീക്ക് ഫുഡ്സ്റ്റാളുകൾ നടത്തുന്നതിന് രാജേന്ദ്ര മൈതാനത്തിന്റെ ലഭ്യതക്കനുസൃതമായി 17.02.2019 മുതൽ 02.03.2019 വരെ മൈതാനം സൗജന്യമായി അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

യോഗം 11.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ

വിശാല കൊച്ചി വികസന അതോറിറ്റി